**This question paper consists of 30 questions and 7 printed pages.**

**Roll No.** | | | | | | | | | | | | | **Code No. 60/S/A/MM**
**റോൾ നമ്പർ** **കോഡ് നമ്പർ**

**Set - A**

# MALAYALAM

**മലയാളം**

**(232)**

**Day and Date of Examination**
**(പരീക്ഷാ ദിവസവും തീയതിയും)** ______________________

**Signature of Invigilators** 1. ______________________

**(മേൽനോട്ടക്കാരുടെ ഒപ്പ്)**

2. ______________________

---

**പൊതുവായ നിർദ്ദേശങ്ങൾ :**

1 പരീക്ഷാർത്ഥികൾ അവരുടെ റോൾ നമ്പർ ചോദ്യപേപ്പറിന്റെ ആദ്യ പേജിൽ എഴുതേണ്ടതാണ്.

2 ആദ്യപേജിൽ പ്രിൻറുചെയ്തിരിക്കുന്ന വിവരങ്ങൾക്കനുസൃതമായി പേജുകളും ചോദ്യങ്ങളും ചോദ്യപേപ്പറിൽ അടങ്ങിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ ചോദ്യങ്ങൾ ക്രമമായി പ്രിൻറുചെയ്തിട്ടുണ്ടോ എന്നും ഉറപ്പുവരുത്തേണ്ടതാണ്.

3 ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് **(A), (B), (C), (D)** എന്ന ക്രമത്തിൽ കൊടുത്തിട്ടുള്ള ഉത്തരങ്ങളിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്ത് ഉത്തരപുസ്തകത്തിൽ എഴുതേണ്ടതാണ്.

4 ഒറ്റവാക്കിൽ ഉത്തരമെഴുതേണ്ടത് ഉൾപ്പെടെ എല്ലാ ചോദ്യങ്ങളുടേയും ഉത്തരം അനുവദിച്ചിരിക്കുന്ന സമയത്തിനുള്ളിൽ തന്നെ എഴുതേണ്ടതാണ്.

5 ഉത്തരപുസ്തകത്തിൽ ഏതെങ്കിലും അടയാളങ്ങൾ ഇടുകയോ, നിശ്ചയിച്ചിരിക്കുന്ന സ്ഥാനത്തൊഴികെ ഉത്തരപുസ്തകത്തിന്റെ ഏതെങ്കിലും ഭാഗത്ത് റോൾ നമ്പർ എഴുതുകയോ ചെയ്യുന്നത് പരീക്ഷാർത്ഥികളുടെ അയോഗ്യതയായി പരിഗണിക്കുന്നതാണ്.

6 ഉത്തരപുസ്തകത്തിന്റെ പുറത്ത് ചോദ്യപേപ്പറിന്റെ കോഡ് നമ്പർ **60/S/A/MM-A** എഴുതേണ്ടതാണ്.

# MALAYALAM

## മലയാളം

## (232)

സമയം : **3** മണിക്കൂർ | മാർക്ക് : **100**

**നിർദ്ദേശങ്ങൾ :** (1) എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

(2) ഒന്നു മുതൽ പതിനൊന്നുവരെയുള്ള ചോദ്യങ്ങൾക്ക് A, B, C, D എന്ന ക്രമത്തിൽ കൊടുത്തിരിക്കുന്നതിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.

**1** ജാനമ്മ ലക്ഷ്മിയെക്കുറിച്ച് ഓർത്തതെന്തുകൊണ്ട് ? **11×1=11**

(A) പ്രായം ഏറിയതുകൊണ്ട്

(B) പ്രധാന കളിക്കാരി പരിചാരികയായി മാറിയതുകൊണ്ട്

(C) വലിയ മേക്കപ്പ് ചെയ്തതുകൊണ്ട്

(D) ലക്ഷ്മി നിർബാധം ഉറങ്ങുന്നതുകൊണ്ട്

**2** താഴെപ്പറയുന്ന പദങ്ങളിൽ അർത്ഥവ്യത്യാസമുള്ള പദം ഏത് ?

(A) ദശകന്ധരൻ (B) ദശമുഖൻ

(C) ദശാനനൻ (D) ദശവക്ത്രൻ

**3** ''മിഥ്യാവലയിത സത്യോപമരുചി'' ഇവിടെ കവി മിഥ്യയായി കല്പിക്കുന്നത് എന്തിനെയാണ് ?

(A) പൊന്നല (B) തവഗാത്രം

(C) രുചി (D) ഈറൻതുകിൽ

4 അത്യുന്നതം എന്നത് പിരിച്ചെഴുതുമ്പോൾ ?

(A) അത്യ + ഉന്നതം (B) അത്യു + ഉന്നതം

(C) അതി + ഉന്നതം (D) അതു + ഉന്നതം

5 മരം ....... ചൊരിയുന്നു. വാച്യാർത്ഥം യോജിക്കാത്ത പദം ഏത് ?

(A) കാരുണ്യം (B) തേൻ

(C) പഴം (D) മലർ

6 ''അതു മറന്നുപോയാൽ തന്റെ നഷ്ടം അസഹനീയമായി തോന്നുമെന്ന് അയാൾക്ക് തോന്നി.'' ഏതു മറന്നുപോയാൽ ?

(A) ഭാര്യയുടെ മരണം

(B) ഭാര്യ അവസാനം പറഞ്ഞ വാക്കുകൾ

(C) ഭാര്യയുമൊത്തുള്ള ജീവിതം

(D) വിവാഹ വാർഷികം

7 താഴെ കൊടുത്തിരിക്കുന്നതിൽ സ്ത്രീയുടെ അസ്വാതന്ത്ര്യത്തെ സൂചിപ്പിക്കുന്നത് ഏത് ?

(A) പൂവായ് വിരിഞ്ഞു പുഴുതിന്നുതീർപ്പവൾ

(B) പാപികളാൽ കല്ലെറിയപ്പെടുന്നവൾ

(C) ശാപം വെറുമൊരു കല്ലാക്കിമാറ്റിയോൾ

(D) പൂജാമുറിയിലിരുത്തി ജീവപര്യന്തം വിധിക്കപ്പെടുന്നവൾ

8 പ്രായപൂർത്തിവന്നപ്പോൾ കുട്ടിക്കാലത്തെ ഓർമ്മകളിൽ വി. ടി. യെ ഏറ്റവും ശല്യപ്പെടുത്തിയിരുന്ന കാര്യം എന്ത് ?

(A) ആഹാരദാരിദ്ര്യം

(B) പിതാവിന്റെ ശിക്ഷ

(C) ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം

(D) ഭാര്യമാർ എച്ചിലിലയിൽ ഭക്ഷിക്കുന്ന രീതി

9 'ആലസ്യത്തിനു നിവാപാംബു നല്കുവിൻ' എന്ന പ്രയോഗംകൊണ്ട് കവി ഉദ്ദേശിക്കുന്നത് എന്ത് ?

(A) ആലസ്യത്തെ ഈ ലോകത്തുനിന്ന് ഒഴിവാക്കുക.

(B) ആലസ്യത്തെ വെള്ളം കുടിപ്പിക്കുക.

(C) ആലസ്യത്തെ മരവിപ്പിക്കുക.

(D) ആലസ്യത്തെ മാറ്റിനിർത്തുക.

10 ''പിന്നെയും ഇടവഴികൾ ഞങ്ങളെ വിഴുങ്ങി.'' ലേഖകൻ ഇങ്ങനെ പറഞ്ഞതിനർത്ഥം എന്ത് ?

(A) ഒരിക്കലും ഇടവഴികളിൽ നിന്ന് രക്ഷപ്പെടാൻ കഴിയില്ല.

(B) വീണ്ടും ഇടവഴികളിൽക്കൂടിത്തന്നെ യാത്രചെയ്യേണ്ടി വന്നു.

(C) ഇടവഴികൾ അപകടകാരികളാണ്.

(D) ബാലിയിൽ അപകടം നിറഞ്ഞ ഇടവഴികൾ ധാരാളമാണ്.

11 മനുഷ്യവർഗത്തിന്റെ ഏറ്റവും പഴയ കണ്ണി എന്നറിയപ്പെടുന്ന വിഭാഗമേത് ?

(A) നിയാണ്ടർതാൽ മനുഷ്യർ

(B) ജാവ മനുഷ്യർ

(C) പെക്കിംഗ് മനുഷ്യർ

(D) കലഹാരി മനുഷ്യർ

12 അർത്ഥമെഴുതി സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക. **2+2=4**

(i) പൈതൃകം

(ii) പുലിവാലു പിടിക്കുക

13 പരബ്രഹ്മയ്യരുടെ മുട്ടുപൊട്ടിയതെങ്ങനെ ? **2**

14 ബാണങ്ങളുടെ ഏതു സ്വഭാവമാണ് ഗോപസ്ത്രീകൾ കാണിച്ചത് ? **2**

15 പെണ്ണു കാണാൻ പോകുമ്പോൾ കണ്ണു മാത്രം പോരാ കണ്ണാടികൂടെ കൊണ്ടുപോകണം എന്നു പറയുന്നതെന്തുകൊണ്ട് ? 2

16 ഒരു സാഹിത്യരൂപം എന്ന നിലയിൽ ഡയറിക്കുറിപ്പിന്റെ പ്രാധാന്യം എന്ത് ? 3

17 കുടുംബ ബന്ധത്തെ നിലനിർത്തുന്ന പ്രധാന ഘടകങ്ങൾ ഏവ ? 3

18 ഔപചാരിക കത്തുകളുടെ പ്രത്യേകതകൾ എന്തെല്ലാം ? 3

19 'പൊന്നശോകം വിടർത്തിയ കുടതൻ കീഴിൽ' ഈ വരിയുടെ പ്രയോഗഭംഗി വിശദമാക്കുക. 3

20 ഭൂമിയിലെ ഓരോ മണൽത്തരിക്കും അനേകമനേകം കഥകൾ പറയാനുണ്ടാകും എന്ന് ലേഖകൻ സൂചിപ്പിക്കുന്നത് എന്തുകൊണ്ട് ? 3

21 ക്ഷേത്രത്തിലേക്കു വരുന്ന ബാലി സ്ത്രീകളുടെ ഉത്സവ വേഷത്തിന്റെ സവിശേഷതകൾ എന്തെല്ലാം ? 4

22 'നിൻ മനമെൻ മനസ്സന്ധികൾ തോറുമേ 4
തട്ടിത്തകരും സ്ഫടിക പാത്രംപോലെ
പൊട്ടിച്ചിതറുന്നു : നിൻ പെങ്ങളാണിവൾ.'

ഈ വരികളിലെ അലങ്കാരഭംഗി വിവരിക്കുക.

23 കുട്ടിക്കാലത്ത് പിതാവ് തന്നോട് എങ്ങനെ പെരുമാറിയെന്നാണ് 'കണ്ണീരും കിനാവും' എന്ന പാഠഭാഗത്ത് ലേഖകൻ വിശദീകരിക്കുന്നത് ? 4

24 'നെയ്പ്പായസം' എന്ന കഥയിൽ തെളിയുന്ന നഗരജീവിതത്തിന്റെ സവിശേഷതകൾ വിവരിക്കുക. 5

25 'വളർത്തുമൃഗങ്ങൾ' എന്ന പേര് ആ കഥയ്ക്ക് എത്രമാത്രം അനുയോജ്യ-മാണെന്ന് വിശദമാക്കുക. 5

26 'മനസ്വിനി' എന്ന കവിതയിലെ പ്രഭാതവർണന സ്വന്തം വാക്യത്തിലെഴുതുക. 5

27 ആശയം വികസിപ്പിച്ച് ഒരു ഖണ്ഡിക എഴുതുക. 5

'കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്കു നമ്മൾ'

28 താഴെ കൊടുത്തിരിക്കുന്ന പദ്യഭാഗത്തിനു ഒരു പരാവർത്തനം തയാറാക്കുക. 10

'നരജാതിയിൽ നിന്നത്രേ പുറന്നീടുന്നു വിപ്രനും
പറയൻതാനുമെന്തുള്ളതന്തരം നരജാതിയിൽ
പറച്ചിയിൽ നിന്നു പണ്ടു പരാശര മഹാമുനി
പുറന്നു, മറ സൂത്രിച്ച മുനി കൈവർത്ത കന്യയിൽ
ഇല്ലജാതിയിലൊന്നുണ്ടോ വല്ലതും ഭേദമോർക്കുകിൽ
ചൊല്ലേറും വ്യക്തിഭംഗത്തിലല്ലോ ഭേദമിരുന്നിടും.'

29 താഴെ കൊടുത്തിരിക്കുന്ന ഗദ്യഭാഗം വായിച്ച് മൂന്നിലൊന്നായി സംഗ്രഹിക്കുക : 10

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട, കൊല്ലം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന കുട്ടനാട്ടുപ്രദേശം കേരളത്തിന്റെ നെല്ലറയായി വിശേഷിപ്പിക്കപ്പെടുന്നു. 1834 മുതൽ കായലുകൾ നികത്തി കൃഷിചെയ്യുന്ന രീതി ഇവിടെ ആരംഭിച്ചു. ആദ്യമൊക്കെ കുട്ടനാടൻ കായൽനിലങ്ങളിൽ ഒന്നിടവിട്ട വർഷങ്ങളിൽ ഒരുപ്പൂകൃഷി മാത്രമായിരുന്നു പതിവ്. ജൈവാംശം നിറഞ്ഞ കുട്ടനാടൻ കരിനിലങ്ങളിൽനിന്ന് ഇളകിവരുന്ന പുളിപ്പ് കഴുകികളയുന്നതിനും വിളയിലൂടെ നഷ്ടപ്പെടുന്ന പോഷകങ്ങളെ വെള്ളപ്പൊക്ക എക്കലിലൂടെ വീണ്ടെടുക്കുന്നതിനും ഉതകിയ ഈ രീതി തികച്ചും കുട്ടനാടൻ പ്രകൃതിക്ക് യോജിച്ചതായിരുന്നു. ക്രമേണ ഒന്നരാടം കൊല്ലം തരിശിടുന്ന പതിവ് മാറി.

ഭക്ഷ്യോല്പാദനം വർധിപ്പിക്കുന്നതിന് വ്യഗ്രത കൂടിയപ്പോൾ ഒരുപ്പൂകൃഷി പോരെന്നും വന്നു. വേനൽക്കാലത്ത് ഓരുകയറ്റത്തെയും മഴക്കാലത്ത് വെള്ളപ്പൊക്കത്തെയും നിയന്ത്രിച്ചാൽ കുട്ടനാടൻ പാടശേഖരങ്ങളിൽ ഇരുപ്പൂവല്ല മൂന്നുപൂവും വിളയിക്കാമെന്ന കണക്കുകൂട്ടലായി പിന്നെ. അങ്ങനെയാണ് മലവെള്ളപ്പാച്ചിൽ തിരിച്ചുവിടാനായി **1955**ൽ തോട്ടപ്പിള്ളി സ്പിൽവേയും ഓരുകയറ്റം തടയാനായി **1974**ൽ തണ്ണീർമുക്കം ബണ്ടും നിർമ്മിക്കപ്പെട്ടത്. അതോടെ കായൽ പ്രദേശം കടലുമായുള്ള ജൈവബന്ധം വിച്ഛേദിക്കപ്പെട്ട് ഒറ്റപ്പെട്ടു. ക്രമമായ വേലിയേറ്റവും വേലയിറക്കവുംകൊണ്ട് ശുദ്ധീകരിക്കപ്പെട്ടിരുന്ന കുട്ടനാടൻ ജലാശയങ്ങൾ നിശ്ചലങ്ങളായി. ഓരുവെള്ളത്തിന്റെ സ്വാദിൽ വളർന്നുവന്ന ജൈവവ്യൂഹങ്ങൾ തകരാറിലായി. പ്രജനനസ്വഭാവത്തിന്റെ ഭാഗമായി നദീമുഖത്തേക്കും കായൽത്തടത്തിലേക്കും അഴിമുഖത്തേക്കും യഥേഷ്ടം സഞ്ചരിച്ചിരുന്ന പലയിനം മത്സ്യങ്ങളുടെയും വഴിമുട്ടി. വേമ്പനാട്ട് കായലിൽ ഒരു കാലത്ത് സമൃദ്ധമായിരുന്ന ആറ്റുകൊഞ്ച് ഇന്നു വംശനാശഭീഷണി നേരിടുകയാണ്.

**30** താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിഷയത്തെപ്പറ്റി ഉപന്യസിക്കുക. **12**

(i) ദൃശ്യമാധ്യമങ്ങളും വിദ്യാഭ്യാസവും

(ii) വിവരസാങ്കേതിക വിദ്യയും സൈബർ കുറ്റകൃത്യങ്ങളും

(iii) കലയും സംസ്കാരവും